രണ്ടാഴ്ചയിലധികമായി സമര രംഗത്താണ്. 1995 ആഗസ്റ്റിലുണ്ടായ ശമ്പള പരിഷ്ക്കരണത്തിലുള്ള അപാകതയെക്കുറിച്ച് അവർ ചൂണ്ടിക്കാണിക്കുകയും നിരവധി നിവേദനങ്ങൾ നൽകുകയും ചെയ്തിട്ട് യാതൊരു നടപടിയും ഇതുവരെയുണ്ടായിട്ടില്ല. അതുകൂടാതെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചും ഇടക്കാലാശ്വാസം ഡി. എ. എന്നിവ നൽകുന്നതിനെ സംബന്ധിച്ചും ഒക്കെയുള്ള അവരുടെ പരാതികൾ ഇതുവരെ പരിഗണിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് ഒരു ചർച്ചപോലും നടന്നില്ലായെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇന്ന് ജീവനക്കാരുടെ ഫെഡറേഷൻ നിരാഹാരസമരത്തിലാണ്. അതേപോലെ തന്നെ ശ്രീ. വി. വി. രാഘവൻ ഉൾപ്പെടെയുള്ളവർ പോലും അവിടെ വേറൊരു സമരം നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ അടിയന്തിര നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): സർ, 16-8-1995-ലും അതിനുമുമ്പും നടന്ന കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആ ഉത്തരവിൽ എന്തെങ്കിലും അനോമലീസുണ്ടെങ്കിൽ അതുടനെതന്നെ പരിശോധിക്കാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ അനോമലീസ് പരിഹരിക്കാനായിട്ട് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്താൻ ഗവൺമെൻറ് തയ്യാറാണ്. അതോടൊപ്പംതന്നെ അന്നത്തെ തീരുമാനങ്ങളിലെ ചില കാര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല എന്ന് എൻറെ ബഹുമാന്യനായ സുഹൃത്ത് ടി. വി. ചന്ദ്രമോഹൻ ഇവിടെ ചൂണ്ടിക്കാണിച്ചു. അത് പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാണ്. അത് നടപ്പിലാക്കിയിട്ടില്ലെങ്കിൽ അടിയന്തിരമായി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

(9) ബ്ലോക്കുകളിൽ ഐ. സി. ഡി. എസ്. പദ്ധതി തുടങ്ങുന്നത് സംബന്ധിച്ച്

ശ്രീ. കെ. ബാബു: സർ, അമ്മമാർക്കും കുട്ടികൾക്കും വളരെയേറെ പ്രയോജനം ചെയ്യുന്ന ഐ. സി. ഡി. എസ്. പദ്ധതി എൻറെ നിയോജകമണ്ഡലമായ ഇടപ്പള്ളി ബ്ലോക്കിൽ അനുവദിക്കണമെന്നും അതുപോലെതന്നെ ഈ പദ്ധതി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ): സർ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഐ. സി. ഡി. എസ്. നാളിതുവരെ ലഭ്യമായിട്ടുള്ള കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 112 ബ്ലോക്കുകളിലും 8 അർബൻ പ്രദേശങ്ങളിലുമാണ് ഇതുള്ളത്. അങ്ങനെ 120 പ്രോജക്ടുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതിനു പുറമേ ഈയിടെയായി സംസ്ഥാന ഗവൺമെൻറിന്റെ സമ്മർദ്ദത്തിന്റെ ഫലമായി വെളിയനാട്, ആര്യനാട് അങ്കമാലി, ഇടപ്പള്ളി, കൂവപ്പടി, ആലങ്ങോട്, കോതമംഗലം, മൂവാറ്റുപുഴ, പള്ളുരുത്തി, പാമ്പാക്കുട, പാറക്കടവ്, വാഴക്കുളം, നീലേശ്വരം.

LIBRARY ARCHIVES Kerala Legislative Assembly

മുഖത്തല, കരുനാഗപ്പള്ളി, പള്ളം, എറുമാനൂർ, കടുത്തുരുത്തി, ഉഴവൂർ, വാഴൂർ, ഈരാറുപേട്ട, കോഴിക്കോട് റൂറൽ, ചേവന്നൂർ, കുന്നുമ്മൽ, വടകര, കൊയിലാണ്ടി, ടൂണേരി, തോടന്നൂർ, കോയിപ്പുറം, മല്ലപ്പള്ളി, മലമ്പുഴ, നെടുമങ്ങാട്, പാറശ്ശാല, വെള്ളനാട്, ചേർപ്പ്, വടകര കൊടുങ്ങല്ലൂർ, ഒല്ലൂക്കര, പുഴക്കൽ, മതിലകം എന്നീ 40 ബ്ലോക്കുകളിൽ കൂടി ഈ പദ്ധതി അനുവദിച്ചു കൊടുത്തിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ഈ പദ്ധതികൂടി ആരംഭിക്കാൻ കഴിയും. അങ്ങനെ വരുമ്പോൾ എല്ലാ ബ്ലോക്കുകളും ഐ. സി. ഡി. എസ്. പദ്ധതിയുടെ കീഴിൽ വരുന്ന ഒരേയൊരു സംസ്ഥാനമായി കേരളം മാറുന്നതാണ്.

(10) കണ്ണൂർ മുനിസിപ്പാലിറ്റിയിലും പരിസര പ്രദേശങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം

ശ്രീ. എൻ. രാമകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ കണ്ണൂർ നഗരസഭയിലും അതിന്റെ തൊട്ടടുത്ത പ്രദേശങ്ങളായ എളയാവൂർ ചിറക്കൽ, പൂഴാരി, പള്ളിക്കുന്ന് തുടങ്ങിയ പഞ്ചായത്ത് പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 5-ാം തീയതി മുതൽ 12-ാം തീയതിക്കകത്ത് ഒരു ദിവസം, അതും കണ്ണൂർ ടൗണിൽ മാത്രമാണ് അൽപ്പ സമയം വെള്ളം ലഭ്യമായത്. ഒരാഴ്ചക്കാലം, അല്ലെങ്കിൽ 10 ദിവസക്കാലം തുടർച്ചയായി വെള്ളം കിട്ടാത്ത ഒരവസ്ഥയെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ കഴിയുമോ ? കണ്ണൂർ ടൗണിലെ ജനങ്ങൾ കുടിവെള്ളം ലഭ്യമാകാതെ ഒഴിഞ്ഞുപോകുന്നു എന്ന വാർത്തയാണ് മലയാള മനോരമ പത്രത്തിൽ 12-ാം തീയതി റിപ്പോർട്ടു ചെയ്തത്. കാലാകാലങ്ങളിലുണ്ടാകുന്ന ഈ കുടിവെള്ള പ്രശ്നത്തെ സംബന്ധിച്ച് ശാശ്വതമായ പരിഹാരം കാണാനുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കി, യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വിനയപൂർവ്വം അപേക്ഷിക്കുന്നു.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, കണ്ണൂർ നഗരത്തിനുവേണ്ടിയുള്ള ആഗ്മെന്റേഷൻ സ്കീമിന്റെ പണി വളരെ വേഗതയിൽ നടന്നുവരികയാണ്. അത് സമയബന്ധിതമായി തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട

12 P.M.] മെമ്പർ സൂചിപ്പിച്ച കണ്ണൂർ, മാഹി, തലശ്ശേരി മുനിസിപ്പാലിറ്റികളിലെയും സമീപ പഞ്ചായത്തുകളായ എളയാവൂർ, പൂഴാരി, ചിറയ്ക്കൽ, പള്ളിക്കുന്ന്, ധർമ്മടം എന്നീ പഞ്ചായത്തുകളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ ശ്രോതസ് അഞ്ചരക്കണ്ടി പുഴയാണ്. കടുത്ത വരൾച്ച കാരണം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം മാർച്ച് ആദ്യവാരം പുഴയിലെ വെള്ളം ക്രമാതീതമായി താഴുകയും 7-3-1996 മുതൽ പമ്പിംഗ് നടത്താൻ സാധിക്കാത്ത അവസ്ഥയിലാവുകയും ചെയ്തു. ഈ സ്ഥിതി തരണം ചെയ്യുന്നതിനായി അഞ്ചരക്കണ്ടി പുഴയിൽനിന്നും ഏകദേശം പതിനാറ് കിലോമീറ്റർ അകലെയുള്ള പഴശ്ശി ജലസംഭരണിയിലെ വെള്ളം പമ്പ് ചെയ്യാനുള്ള

LIBRARY ARCHIVES Kerala Legislative Assembly